ആളില്ലാത്ത വീട്ടിൽ നിന്ന് പതിനൊന്നര പവൻ കവർന്നു

കൊടകര: വെള്ളിക്കുളങ്ങരയിൽ ആളില്ലാത്ത വീടിന്റെ വാതിൽ തകർത്ത് പതിനൊന്നര പവൻ സ്വർണാഭരണങ്ങൾ കവർന്നു. കൊടുങ്ങവില്ലൻ വീട്ടിൽ ഉസ്മാന്റെ വീട്ടിലാണ് മോഷണം നടന്നത്. വീടിന്റെ ഒന്നാം നിലയിലെ പുറകിലുള്ള വാതിൽ പൊളിച്ച് അകത്ത് കടന്ന മോഷ്ടാവ് താഴത്തെ നിലയിലെ കിടപ്പുമുറിയിലെ അലമാരയിൽ സൂക്ഷിച്ചിരുന്ന 92 ഗ്രാം സ്വർണം മോഷ്ടിക്കുകയായിരുന്നു. ഉസ്മാൻ ഗൾഫിലാണ്. ഭാര്യ ഹസീനയും മക്കളും രണ്ട് ദിവസമായി അവരുടെ വീട്ടിൽ പോയിരിക്കുകയായിരുന്നു. ഇന്നലെ രാവിലെ ഇവർ വീട്ടിലെത്തിയപ്പോഴാണ് മോഷണ വിവരം അറിയുന്നത്. വെള്ളിക്കുളങ്ങര പൊലീസ് സ്ഥലത്തെത്തി അന്വേഷണം ആരംഭിച്ചു. വിരലടയാള വിദഗ്ധരും സ്ഥലത്തെത്തി.

അതിരപ്പിള്ളിയിൽ കുരങ്ങിന്റെ ആക്രമണം, മൂന്ന് സ്ത്രീകൾക്ക് പരുക്ക്

ചാലക്കുടി: അതിരപ്പിള്ളിയിൽ വെള്ളച്ചാട്ടത്തിന് സമീപത്ത് കുരങ്ങിന്റെ ആക്രമണത്തിൽ മൂന്ന് സ്ത്രീകൾക്ക് പരുക്കേറ്റു. ഇന്നലെ രാവിലെ വന സംരക്ഷണ സമിതി ജീവനക്കാരിക്കു നേരേയായിരുന്നു ആദ്യ ആക്രമണം. പിന്നീട് ഉച്ചതിരിഞ്ഞ് മൂന്നരയോടെ ചെറായി സ്വദേശി ബീന തോമസിന് കുരങ്ങിന്റെ കടിയേൽക്കുകയായിരുന്നു. വെള്ളച്ചാട്ടത്തിൽ കുളിക്കാനിറങ്ങിയ ബന്ധുക്കളെ കാത്തിരിക്കുമ്പോഴായിരുന്നു ആക്രമണം. കൈയിൽ കടിച്ചു തൂങ്ങുകയായിരുന്നുവെന്ന് പറയുന്നു. വിനോദ സഞ്ചാരിയായ മറ്റൊരു സ്ത്രീയേയും കുരങ്ങൻ ആക്രമിച്ചു. പരുക്കേറ്റവരെ വിനോദ സഞ്ചാര കേന്ദ്രത്തിൽ പ്രാഥമിക ശുശ്രൂഷ നൽകിയ ശേഷം ചാലക്കുടി ഗവ. താലൂക്കാശുപത്രിയിൽ പ്രവേശിപ്പിച്ചു.

ശാന്തി സദനം വാർഷികം

ഇരിങ്ങാലക്കുട: ശാന്തി സദനത്തിന്റെ 46ാം വാർഷികം മുനിസിപ്പൽ വൈസ് ചെയർമാൻ ടി.വി. ചാർളി ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട രൂപത മെത്രാൻ മാർ പോളി കണ്ണൂക്കാടൻ അധ്യക്ഷത വഹിച്ചു. കൗൺസിലർമാരായ പി ടി ജോർജ്, അഡ്വ. കെ. ആർ. വിജയ, വികാരി ജനറാൾ മോൺ. ജോസ് മാളിയേക്കൽ, ഫാ. പയസ് ചിറപ്പണത്ത്, ഫാ. ലിജോ കോങ്കോത്ത്, സിസ്റ്റർ ജെയിൻ മേരി, സിസ്റ്റർ അനീ സിയ, ബ്രദർ ഗിൽബർട്ട്, ആന്റണി ജോൺ കണ്ടംകുളത്തി, വത്സ പോൾ പങ്കെടുത്തു.

വിശ്വഭാരതി ആധ്യാത്മിക വാർഷിക സംഗമം

ഗുരുവായൂർ: വിശ്വഭാരതി ആധ്യാത്മിക ഗ്രൂപ്പിന്റെ വാർഷിക സംഗമം കെ.ബി. സുരേഷ് ഉദ്ഘാടനം ചെയ്തു. പത്മാ സുധരാമൻ അധ്യക്ഷത വഹിച്ചു. ഗുരുവായൂർ ക്ഷേത്രം മുൻ മേൽശാന്തി സുമേഷ് നമ്പൂതിരി, ചലച്ചിത്ര താരം ശിവജി ഗുരുവായൂർ, മണലൂർ ഗോപിനാഥ്, ജനു ഗുരുവായൂർ എന്നിവരെ ആദരിച്ചു. നഗരസഭാ പ്രതിപക്ഷ നേതാവ് കെ.പി ഉദയൻ, ശോഭ ഹരിനാരായണൻ, രേണുക ശങ്കർ, ഉഷ രാധാകൃഷ്ണൻ, നമ്പൂതിരി ശങ്കരനുണ്ണി, ഗീത നാരായണൻ, ബിനു ഉണ്ണി, സാവിത്രി അന്തർജനം പ്രസംഗിച്ചു

പ്രതീക്ഷയുടെ പുലരി....

പ്രത്യാശകളുമായി പുതു വർഷം പുലർന്നു. സമാധാനത്തിന്റേയും ശാന്തിയുടെയും വർഷമാകട്ടെ 2024. തൃശൂർ കോൾപാടത്ത് നിന്നുള്ള ദൃശ്യം.

-കെ.കെ നജീബ്

നവകേരള സദസ്: കുന്നത്തുനാട്ടിൽ ഒരുക്കങ്ങൾ പൂർത്തിയായി

കോലഞ്ചേരി: കുന്നത്തുനാട്ടിലെ നവകേരള സദസിനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി സംഘാടകസമിതി ചെയർമാൻ അഡ്വ.പി വി ശ്രീനിജിൻ എംഎൽഎ ജനറൽ കൺവീനറും കുടുംബശ്രീ ജില്ലാ കോ ഓർഡിനേറ്ററുമായ ടി എം റജീന എന്നിവർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

കോലഞ്ചേരി സെന്റ് പീറ്റേഴ്സ് കോളജ് ഗ്രൗണ്ടിൽ നാളെ വൈകിട്ട് 5നാണ് നവകേരള സദസ് നടക്കുന്നത്. പൊതുജനങ്ങൾക്ക് വികസന കാഴ്ചപ്പാടുകളും, നിർദ്ദേശങ്ങളും പങ്കുവക്കാനും പരാതികൾ നൽകാനുമായി 21 കൗണ്ടറുകൾ സജീകരിച്ചുണ്ട്. രണ്ട് മുതൽ കൗണ്ടറുകൾ പ്രവർത്തിക്കും. ഭിന്നശേഷിക്കാർ, മുതിർന്ന പൗരന്മാർ, വനിതകൾ എന്നിവർക്കായി പ്രത്യേകം കൗണ്ടറുകളുണ്ട്. പതിനായിരം പേർക്കുള്ള ഇരിപ്പിടങ്ങളാണ് സദസിനായി സജ്ജീകരിച്ചിരിക്കുന്നത്. 28000 ചതുരശ്രയടി വിസ്തീർണമുള്ള പന്തലിന്റെ നിർമ്മാണം പൂർത്തിയായി കഴിഞ്ഞു.

സദസിന് മുന്നോടിയായി വൈകിട്ട് മൂന്നുമുതൽ അലോഷിയുടെ ഗസൽ അരങ്ങേറും. മിനി മാരത്തൺ, കുടുംബശ്രീ ഭക്ഷ്യമേള, ഫ്ളാഷ്മോബ്, വികസന സെമിനാർ, ക്വിസ് മത്സരം, വിളംബരറാലികൾ, ജനകീയ പഞ്ചഗുസ്തി മൽസരം എന്നിവ പ്രചരണാർത്ഥം സംഘടിപ്പിച്ചിരുന്നു. എല്ലാ ബൂത്തുകളിൽനിന്നും വാഹനസൗകര്യവും ഏർപ്പാടാക്കിയിട്ടുണ്ട്. തിരുവാണിയൂർ, വടവുകോട് പുത്തൻകുരിശ് പഞ്ചായത്തുകളിൽനിന്നും എത്തുന്നവരെ ബ്ലോക്ക് കവലയിലും മഴുവന്നൂർ പടിഞ്ഞാറെ പമ്പിന് സമീപവും പൂതൃക്ക കക്കാട്ടുപാറ റോഡിലും വാഴക്കുളം, കിഴക്കമ്പലം, കുന്നത്തുനാട്, ഐക്കരനാട് പഞ്ചായത്തുകളിൽ നിന്നുള്ളവരെ സ്വകാര്യ ബസ് സ്റ്റാൻഡിന് സമീപവും ഇറക്കിയശേഷം വാഹനങ്ങൾ തോന്നിക്ക ഹിൽടോപ്പിൽ പാർക്ക് ചെയ്യണം.

കോലഞ്ചേരി മെഡിക്കൽ കോളേജ് മൈതാനി, പെരുമ്പാവൂർ റോഡിന് സമീപമുള്ള രണ്ട് മൈതാനങ്ങളും പാർക്കിംഗിനായി ക്രമീകരിച്ചിട്ടുണ്ട്. സംഘാടകസമിതി ഭാരവാഹികളായ ജോർജ് ഇടപ്പരത്തി, സിബി ദേവദർശനൻ, സി കെ വർഗീസ്, എം പി ജോസഫ്, റെജി ഇല്ലിക്കപറമ്പിൽ എന്നിവർ പങ്കെടുത്തു.

ചെറ്റാരിക്കൽ ഗ്രാമത്തിന് പുതുവർഷ സമ്മാനമായി നവീകരിച്ച യുവജന ക്ലബ്ബ്

ചാലക്കുടി: കൊരട്ടി ചെറ്റാരിക്കൽ ഗ്രാമത്തിന്റെ സാംസ്കാരിക കേന്ദ്രമായിരുന്ന യുവജന ക്ലബ്ബ് പുതിയ രൂപത്തിലും ഭാവത്തിലും പുതിയ പേരിൽ പ്രവർത്തനം ആരംഭിച്ചു. ഗ്രാമത്തിന് പുതുവർഷ സമ്മാനമായി നവീകരിച്ച ക്ലബ്ബ് സനീഷ് കുമാർ ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്തു. പഞ്ചായത്തംഗം പി.ജി. സത്യപാലൻ അധ്യക്ഷത വഹിച്ചു. കൊരട്ടി പഞ്ചായത്ത് പ്രസിഡന്റ് പി.സി. ബിജു മുഖ്യാതിഥിയായി. ക്ലബ്ബ് ഭാരവാഹികളായ പി.ജി. ശ്രീജിത്ത്,ശ്രീകുമാർ, അനന്ത മാധവൻ പ്രസംഗിച്ചു.

എട്ട് പതിറ്റാണ്ട് പഴക്കമുള്ള ക്ലബ്ബ് മുൻകാലത്ത് ഏറെ സജീവമായിരുന്നു. വായനശാലയുമെല്ലാമായി ചെറ്റാരിക്കൽ ഗ്രാമത്തിൽ കലാ- കായിക സാംസ്കാരിക രംഗത്ത് സജീവ സാന്നിധ്യമായിരുന്നെങ്കിലും പിന്നീട് പ്രവർത്തനം മന്ദീഭവിക്കുകയായിരുന്നു. കുറച്ച് കാലം പ്രായമായവരുടെ സങ്കേതമായിരുന്നെങ്കിലും. കൊവിഡ് വന്നതോടെ പ്രവർത്തനം പൂർണമായി നിലച്ചു. ജീർണാവസ്ഥയിലായ കെട്ടിടം നാട്ടുകാരുടെയും ജൂനിയേഴ്സ് ആർട്സ് ആൻഡ് സ്പോർടസ് ക്ലബ്ബിന്റെ സഹായത്തോടെയാണ് നവീകരിച്ചത്.

നവീകരിച്ച ചെറ്റാരിക്കൽ യുവജന ക്ലബ്ബിന്റെ ഉദ്ഘാടനം സനീഷ് കുമാർ ജോസഫ് എംഎൽഎ നിർവഹിക്കുന്നു.

എംവിആർ കാൻസർ സെന്ററിൽ കാലിക്കറ്റ് സിറ്റി ബാങ്കിന്റെ എടിഎം കൗണ്ടർ

കോഴിക്കോട്: ചൂലൂരിലെ എംവിആർ കാൻസർ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള കാലിക്കറ്റ്സിറ്റി സർവീസ് സഹകരണ ബാങ്കിന്റെ എടിഎം കൗണ്ടർ പ്രവർത്തനം തുടങ്ങി. കാലിക്കറ്റ്സിറ്റി ബാങ്ക് ചെയർപേഴ്സൺ പ്രീമ മനോജ് ഉദ്ഘാടനം ചെയ്തു. ബാങ്ക് സ്ഥാപക ചെയർമാനും ഡയറക്റ്ററുമായ സി.എൻ വിജയകൃഷ്ണൻ, വൈസ് ചെയർമാൻ കെ. ശ്രീനിവാസൻ, ഭരണസമിതി അംഗങ്ങളായ ജി. നാരായണൻ കുട്ടി, എൻ.പി അബ്ദുൾ ഹമീദ്, പി.എ ജയപ്രകാശ്, ബാങ്ക് ജനറൽ മാനെജർ സാജു ജെയിംസ്, അസി. ജനറൽ മാനെജർ കെ. രാകേഷ്, ലാഡർ ഡയറക്റ്റർ എം.പി സാജു, എംവിആർ ട്രഷറർ കെ. ജയേന്ദ്രൻ, പങ്കെടുത്തു.

എംവിആർ കാൻസർ സെന്ററിൽ സ്ഥാപിച്ചിട്ടുള്ള കാലിക്കറ്റ് സിറ്റി സർവീസ് സഹകരണ ബാങ്കിന്റെ എടിഎം കൗണ്ടർ ബാങ്ക് ചെയർപേഴ്സൺ പ്രീമ മനോജ് ഉദ്ഘാടനം ചെയ്യുന്നു.

മോഹൻ രാഘവൻ ചലച്ചിത്ര പുരസ്കാര സമർപ്പണ ചടങ്ങ് മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു.

പിറവം വലിയപള്ളിയിൽ ദനഹാ പെരുന്നാൾ

പിറവം: പിറവം സെന്റ് മേരീസ് ഓർത്തഡോക്സ് വലിയ പള്ളിയിലെ ദനഹാപ്പെരുന്നാളിന് ഇന്ന് രാവിലെ 8.45ന് ഇടവക മെത്രാപ്പോലീത്ത ഡോ.തോമസ് മാർ അത്താനാസിയോസ് കൊടിയേറ്റ് നടത്തുമെന്ന് ഭാരവാഹികൾ വാർത്ത സമ്മേളനത്തിലറിയിച്ചു.വ്യാഴം വരെ 7.15ന് വി.കുർബ്ബാന. വെള്ളി രാവിലെ 7.15ന് വി.കുർബാനക്ക്ഗീവർഗീസ്മാർ പക്കോമിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമികനാകും. വൈകിട്ട് നാലിന് പേപ്പതി ചാപ്പലിൽ നിന്നും പ്രദക്ഷിണം ആരംഭിക്കും. പാലത്തിനു സമീപം വച്ച് പിഷാരുകോവിൽ ക്ഷേത്ര ഭാരവാഹികൾ പ്രദക്ഷിണത്തെ സ്വീകരിക്കും. നഗരത്തിൽ പിറവം വലിയ പള്ളി പ്രദക്ഷിണമാകും ആദ്യം പ്രവേശിക്കുക. ശനി രാവിലെ 7.30 ന് ദനഹാ പെരുന്നാൾ ശുശ്രൂഷക്ക് ഡോ.തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികനാകും. തുടർന്ന് പ്രദക്ഷിണം, ശ്ലൈഹിക വാഴ് നേർച്ച.

മോഹൻ രാഘവൻ ചലച്ചിത്ര പുരസ്കാരം സമർപ്പിച്ചു

മാള: ഒരു ജീവിതത്തിൽ പറയാനുള്ളതെല്ലാം ഒരു സിനിമയിൽ പറഞ്ഞ് ചലച്ചിത്ര ലോകത്ത് ചിരപ്രതിഷ്ഠ നേടിയ കലാകാരനാണ് മോഹൻ രാഘവനെന്ന് മന്ത്രി പി. രാജീവ്. പതിനൊന്നാമത് മോഹൻ രാഘവൻ ചലച്ചിത്ര പുരസ്കാര സമർപ്പണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

യുവ ചലച്ചിത്ര സംവിധായകൻ മോഹൻ രാഘവന്റെ സ്മരണയ്ക്കായി മികച്ച നവാഗത സംവിധായകന് അന്നമനട ഓഫ്സ്റ്റേജ് ഏർപ്പെടുത്തിയ പുരസ്കാരം

നിഷിദ്ധോയുടെ സംവിധായിക താര രാമാനുജന് സമർപ്പിച്ചു. സംവിധായകൻ ഡോ.ബിജുവാണ് 25,000 രൂപയും സ്മൃതി ഫലകവും ഉൾപ്പെടുന്ന പുരസ്കാരം സമർപ്പിച്ചത്. വി. ആർ. സുനിൽകുമാർ എംഎൽഎ അധ്യക്ഷത വഹിച്ചു. സംഗീത നാടക അക്കാദമി നിർവാഹക സമിതി അംഗം രേണു രാമനാഥ് മുഖ്യ പ്രഭാഷണം നടത്തി. സനീഷ് കുമാർ ജോസഫ് എംഎൽഎ മുഖ്യാതിഥിയായി.

ഛായാഗ്രാഹകൻ കെ. ജി. അജയൻ, സംവിധായകൻ കെ.ജി. ജോർജ് അനുസ്മരണവും ഗ്രാമിക പ്രസിഡന്റ് പി.കെ. കിട്ടൻ മോഹൻ രാഘവൻ അനുസ്മരണവും നടത്തി. കാടുകുറ്റി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രിൻസി ഫ്രാൻസിസ്, അഡ്വ. വി.വി. ജയരാമൻ, കെ.കെ. രവി നമ്പൂതിരി, ഓഫ്സ്റ്റേജ് സെക്രട്ടറി പി. ടി. വിത്സൻ, ട്രഷറർ എം. ആർ. പ്രകാശ്ബാബു പ്രസംഗിച്ചു. തുടർന്ന് അന്നമനടഓഫ്സ്റ്റേജ് പ്രവർത്തകർ തീരം നാടകം അവതരിപ്പിച്ചു.

നേന്ത്രവാഴ കൃഷി വെട്ടി നശിപ്പിച്ച നിലയിൽ

ചാലക്കുടി: കൊരട്ടി പഞ്ചായത്തിലെ ആറ്റപ്പാടത്ത് നേന്ത്രവാഴ കൃഷി വെട്ടി നശിപ്പിച്ച നിലയിൽ കണ്ടെത്തി. ആറ്റപ്പാടം കാട്ടുപറമ്പൻ ഷാജിയുടെ കുലയ്ക്കാറായ അൻപതിലധികം നേന്ത്രവാഴയാണ് സാമൂഹിക വിരുദ്ധർ വെട്ടി നശിപ്പിച്ചിരിക്കുന്നത്. എപ്പോഴാണ് വാഴകൾ വെട്ടി നശിപ്പിച്ചതെന്ന് അറിയില്ലെന്ന് ഷാജി പറയുന്നു. ആറ്റപ്പാടം ഗാന്ധിനഗറിലുള്ള വാഴകൃഷിയാണ് നശിപ്പിച്ചിരിക്കുന്നത്. മൂന്ന് മാസം കഴിഞ്ഞാൽ വിളവെടുക്കാവുന്ന വാഴയാണ് വെട്ടി നശിപ്പിച്ചിരിക്കുന്നതെന്നതിനാൽ വലിയ നഷ്ടമുണ്ടായിട്ടുണ്ട്. വാഴകൃഷി നശിപ്പിച്ചവർക്കെതിരേ നടപടിയെടുക്കണമെന്നാവശ്യപ്പെട്ട് കൊരട്ടി പൊലീസിൽ പരാതി നൽകി.

കൊരട്ടി ആറ്റപ്പാടത്ത് നേന്ത്രവാഴ കൃഷി വെട്ടി നശിപ്പിച്ച നിലയിൽ.

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ് ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അമ്പാലി- കുർള റോഡ്, അന്ധേരി ഈസ്റ്റ്, മുംബൈ- 400059, ഇന്ത്യ.
ശാഖ ഓഫീസ് നൊട്ടം നില. 3/128 , സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം)

പൊതുലേലം വഴി ഭൂമി കാണുക
സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സിമെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട്, 2002ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സിമെന്റ് റൂൾ, പൊതുലേലം വഴി ഭൂമി ചേർത്ത് വായിക്കുക. പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്
വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ പ്രതികാത്മക കൈമാറ്റം ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ 'എവിടെയാണോ ഉള്ളത്' 'എന്താണോ ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അടിസ്ഥാനത്തിലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിവരണങ്ങൾ എങ്ങനെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	ജഹന്നാർ അലി എം (വായ്പ്പക്കാരൻ) റഹീന (സഹ വായ്പ്പക്കാരൻ) LHCLT00001300553 & NHCLT00001300556	വി സർവ്വേ നമ്പർ 109/69 ചേലന്നൂർ , കോഴിക്കോട്, പിൻ 673611 വി സർവ്വേ നമ്പർ 109/69 ,കോഴിക്കോട്, പിൻ 673604	Rs. 32,05,526/- December 15, 2023	Rs. 21,52,802/- Rs. 2,15,290/-	January 08, 2024 11:00 AM-03:00 PM	January 19, 2024 02:00 PM-03:00 PM

ലേല എന്റർനി ഡ്യൂട്ടി ടെക്നിന്റെ (യൂട്യൂബ്-ഫുൾ ലിങ്ക് https://BestAuctionDeal.com) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്വന്തം ഭാഷയിൽ നൽകിയവർക്ക് ജനുവരി 18, 2024 വൈകിട്ട് 5 മണി വരെ ലഭ്യമായ തുകയും തിരിച്ചടക്കാനുള്ള അവസരം നൽകും. പണം തിരിച്ചടച്ചില്ലെങ്കിൽ ഇതുകൂടി നിബന്ധിച്ച പ്രകാരം ജാമ്യത്തിനു വിൽപ്പന ചെയ്യുന്നതാണ്
ലേലത്തിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർക്ക് അവർ നൽകാൻ ഉദ്ദേശിക്കുന്ന വില നിരതദ്രവ്യം ഇഎംഡി, ആർടിജിഎസ്/നിഫ്റ്റ് ഡ്രാഫ്റ്റ് തുടങ്ങി കേരളം ഈ വിലാസത്തിൽ പറയുന്ന വിധം എന്നിവ സഹിതം അടച്ച ചെലാൻ ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, നൊട്ടം നില. 3/128 , സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം) എന്ന വിലാസത്തിലേക്ക് ജനുവരി 18, 2024 വൈകിട്ട് 4 മണിക്കു മുമ്പായി അയക്കേണ്ടതാണ്. താത്പര്യമുള്ള ബിഡ്ഡർമാർ അതിനോടൊപ്പം ഫോട്ടോയിലും ഒപ്പിട്ട കോപ്പി ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, നൊട്ടം നില. 3/128 , സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം) എന്ന വിലാസത്തിലേക്ക് ജനുവരി 18, 2024 വൈകിട്ട് 5 മണിക്കു മുമ്പായി അയക്കേണ്ടതാണ്. നിരതദ്രവ്യ തുക, വിലാസം/ ഡ്രാഫ്റ്റ് നമ്പർ എന്നിവ സംഭരണശേഷിയിൽ/ കൈയ്യൊപ്പിൽ നാരകിൽ വിവരം ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന് ലേലം മേഖലയിലെ ഓഫീസിലെ ഇ-മെയിൽ വിലാസത്തിലായിരിക്കണം.
കൂടുതൽ വിവരങ്ങൾക്കും, വസ്തു പരിശോധിക്കുന്നതിനെക്കുറിച്ചോ ഓൺലൈൻ സമർപ്പിക്കുന്നതിനെക്കുറിച്ചോ ഏതെങ്കിലും വിധത്തിലുള്ള സഹായങ്ങൾ ഉള്ളവർക്കും ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡിന്റെ 9920807300 എന്ന നമ്പറിലോ സെയിൽസ് & മാർക്കറ്റിങ് പാർട്ടണർ മെക്സ് നൽ സൊലൂഷൻസ് ലിമിറ്റഡിനെയോ ബന്ധപ്പെടാവുന്നതാണ്.
താഴെ പ്രസ്താവിക്കുന്ന അക്കൗണ്ടുകൾ ഓഫീസർക്ക് ഓൺലൈൻ അല്ലെങ്കിൽ ഓൺലൈൻ കാരണം കാലിക്കാലത്തെ തന്നെ നിലനിർത്താനും സൂക്ഷിക്കാനും നിർദേശിക്കാൻ അധികാരമുണ്ട്. വിശദമായ വിവരങ്ങൾക്കും നിർദേശങ്ങൾക്കുമായി ഐസിഐസിഐ ബാങ്ക് ലിമിറ്റഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുക https://www.icicihfc.com/

തിയതി: ജനുവരി 01, 2024
സ്ഥലം: കോഴിക്കോട്
അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

ICICI Home Finance | കോർപ്പറേറ്റ് ഓഫീസ് ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി ഈസ്റ്റ്, മുംബൈ- 400059, ഇന്ത്യ.
ശാഖ ഓഫീസ് നൊട്ടം നില. 3/128 , സിമാക്സ് ടവർ, വണ്ടിപ്പേട്ട ജംക്ഷൻ, വെസ്റ്റ് നടക്കാവ്, കാലിക്കറ്റ്-673011 (കേരളം)

പൊതുലേലം വഴി ഭൂമി കാണുക
സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ് ആൻഡ് എൻഫോഴ്സിമെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട്, 2002ലെ സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സിമെന്റ് റൂൾ, പൊതുലേലം വഴി ഭൂമി ചേർത്ത് വായിക്കുക. പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ- ലേല വിൽപ്പന നോട്ടീസ്
വായ്പാ കരാർ പ്രകാരം ഐസിഐസിഐ ഹോം ഫിനാൻസ് ലിമിറ്റഡിന്റെ അംഗീകൃത ഓഫീസർ വായ്പക്കാർ/ജാമ്യക്കാർ ജാമ്യമായി നൽകിയ താഴെപ്പറയുന്ന വസ്തുക്കൾ പ്രതികാത്മക കൈമാറ്റം ചെയ്തതായും വസ്തുക്കൾ ഇപ്പോഴുള്ള അവസ്ഥയിൽ 'എവിടെയാണോ ഉള്ളത്' 'എന്താണോ ഉള്ളത്' 'എങ്ങനെയാണോ ഉള്ളത്' അടിസ്ഥാനത്തിലെ തന്നെ ലേലം ചെയ്യാൻ തീരുമാനിച്ചതായും വായ്പക്കാർ/ജാമ്യക്കാർ എന്നിവരെയും പൊതുജനങ്ങളെയും ഇതിനാൽ അറിയിക്കുന്നു.

Sr. No.	വായ്പക്കാരന്റെ/സഹവായ്പ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിവരണങ്ങൾ എങ്ങനെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	അൻസാൻ അലിൻകര (വായ്പ്പക്കാരൻ) നൈഫുന്നിസ ഞാലെത്ത് (സഹ വായ്പ്പക്കാരൻ) ഇൻഡോർ ബൈസ് വ്യം ഫർണിച്ചർ ഗ്യാലറി (സഹ വായ്പ്പക്കാരൻ), അലിൻകര മുഹമ്മദ് കുട്ടി (സഹ വായ്പ്പക്കാരൻ) Loan Account No. LHCOC00001324621	തിരുമാറാടി വില്ലേജ്, തിരുവൂർ താലൂക്ക്, മലപ്പുറം ജില്ല, സർവ്വേ നമ്പർ 380/17-1 380/17 -2 , മലപ്പുറം കേരളം -676503	Rs. 1,09,86,070/- December 15, 2023	Rs. 1,29,57,975/- Rs. 12,95,800/-	January 08, 2024 11:00 AM-03:00 PM	January 19, 2024 02:00 PM-03:00 PM

ലേല എന്റർനി ഡ്യൂട്ടി ടെക്നിന്റെ (യൂട്യൂബ്-ഫുൾ ലിങ്ക് https://BestAuctionDeal.com) വെബ്സൈറ്റിലായിരിക്കും ഓൺലൈൻ ലേലം നടക്കുക. സ്വന്തം ഭാഷയിൽ നൽകിയവർക്ക് ജനുവരി 18, 2024 വൈകി